കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി മാറ്റിയെടുക്കുന്നതിനായി ഡിജിറ്റൽ കേരള എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കാറ്റുന്നതിലേയ്ക്കായി ചെലവ് കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) എല്ലാ ഐ.റ്റി. പാർക്കുകളിലും കെ.എസ്.ഐ.റ്റി.ഐ.എ.-യിലും പദ്ധതികളുടെ നടത്തിപ്പിനായി ഐ.റ്റി. പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ബോർഡ് പദ്ധതികളുടെ മേൽനോട്ടം നിർവ്വഹിക്കുന്നു.

ഡിജിറ്റൽ കേരള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കമ്മിറ്റികൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

എരമം-കുറ്റൂർ സൈബർ പാർക്ക്

258 (625) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നിർമ്മാണം പൂർത്തിയാക്കി സൈബർ പാർക്ക് പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ഐ.ടി. പാർക്കിന്റെ നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ കോൺട്രാക്ടർക്ക് നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി. പാർക്കിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വനിതാ ജീവനക്കാരുടെ പ്രസവാവധി

259 (626) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വനിതാ ജീവനക്കാർക്ക് പ്രസവാവധി ഇപ്പോഴുള്ള ആറ് മാസത്തിൽ നിന്നും എട്ട് മാസമാക്കാൻ 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly